LIBRARY ARCHIVES Kerala Legislative Assembly

ഇ-ഡിസ്ട്രിക്ട്, ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ്, ഇ-പേയ്മെന്റ്, ഗേറ്റ് വേ തുടങ്ങിയ നിരവധി പദ്ധതികൾ കാര്യക്ഷമമായി തുടരുന്നതോടൊപ്പം പുതിയ പദ്ധതികളും നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സാക്ഷ്യ കേന്ദ്രങ്ങളുടെ വ്യാപനവും സർക്കാർ ജീവനക്കാർക്ക് ഇ-ഗവേണൻസിൽ പരിശീലന പരിപാടിയും ഡിജിറ്റൽ കേരള പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഇ-പേമെന്റിംഗ് പോർട്ടൽ ആധാറുമായി ബന്ധിച്ച് Know Your Customer (KYC) എന്നിവയും ഈ പദ്ധതി വഴി നടപ്പിലാക്കിയിട്ടുണ്ട്.

(സി&ഡി) പുതിയ ഇ-ഗവേണൻസ് പദ്ധതികളായ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ (SSDG), സർവ്വീസ് പ്ലസ്, ഇ-ഓഫീസ്, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമതയോടും കൂടി പൂർത്തിയാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവൻമാരും അംഗങ്ങളായിട്ടുള്ള സംസ്ഥാനതല അപ്പെക്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

പള്ളിപ്പുറം ഇൻഫോപാർക്കിലെ വികസന പ്രവർത്തനങ്ങൾ

241 (3395) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഇൻഫോപാർക്കിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; നിലവിൽ ഇവിടെ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനായി എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പള്ളിപ്പുറം ഇൻഫോപാർക്കിൽ 60000 ചതുരശ്ര അടി സ്ഥലം plug & play രൂപത്തിൽ 10 കോടി രൂപ മുടക്കി interior fitout ചെയ്യുകയും 110 kv സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുകയും പവർ ലൈസൻസ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 7 ലക്ഷം രൂപ മുടക്കി sports facility പൂർത്തീകരിച്ചു. കമ്പനികൾക്ക് മീറ്റിംഗ് കൂടുന്നതിനും മറ്റ് ആവശ്യങ്ങൾക്കുംകൂടി ഉപകരിക്കുംവിധം 60 ലക്ഷം രൂപ മുടക്കി ഒരു മൾട്ടിപർപ്പസ് കോൺഫറൻസ് ഹാളിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. ഇതുകൂടാതെ യാത്ര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വൈറ്റിലയിൽ നിന്നും

ഇൻഫോപാർക്ക് ചേർത്തലയിലേയ്ക്ക് ബസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ 22 കമ്പനികൾ ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അരൂർ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കൺട്രോൾസിന്റെ നവീകരണത്തിന്റെ ഭാഗമായി 2011-12-ൽ സോണാർ അരെ, ഡിജിറ്റൽ സെറ്റ് ടോപ്പ് ബോക്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ നൽകിയിട്ടുണ്ട്. 2012-13-ൽ ഡിജിറ്റൽ സെറ്റ് ടോപ്പ് ബോക്സ് നിർമ്മാണത്തിനാവശ്യമായ എസ്.എം.ടി. സൗകര്യങ്ങൾക്കായി 6 കോടി രൂപയും നൽകിയിട്ടുണ്ട്. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ഉരവുർ സിൽക്സ് ജനറൽ എഞ്ചിനീയറിംഗ് വർക്സിന് 2011-12 സാമ്പത്തിക വർഷ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്, മലബാർ സിമന്റ്സിന്റെ യൂണിറ്റിനായി ചെലവഴിച്ച തുക ശേഖരിച്ചു നൽകുന്നതാണ്.

കെൽട്രോണിനെ ഏൽപ്പിച്ച പദ്ധതികൾ

242 (3396) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഇലക്ട്രോണിക്സ് ഇനത്തിൽ മേഖലയിൽ ഏതു സർക്കാർ പദ്ധതികൾ കെൽട്രോണിനെ ഏൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) 108 ആംബുലൻസ്, റേഷൻകട കമ്പ്യൂട്ടറൈസേഷൻ, എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ്, സിഗ്നൽ സുരക്ഷാ സംവിധാനം എന്നീ പദ്ധതികൾ സർക്കാർ കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ഏൽപിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഇലക്ട്രോണിക്സ് ഇനത്തിൽ മേഖലയിൽ കെൽട്രോണിനെ ഏൽപ്പിച്ചിട്ടുള്ള സർക്കാർ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സൗരോർജ്ജ പദ്ധതികൾ

2. എൽ.ഇ.ഡി തെരുവുവിളക്ക് പദ്ധതികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly